# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എ എം എൽ പി എസ് വടമുക്ക്

## 2025 - 26

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4 വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5 പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ. കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം


## അനുബന്ധം


1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ നേട്ടങ്ങൾ ( നടപ്പു വർഷം, മുൻ വർഷം)
3. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പേര് | - | എ.എം.എൽ.പി.എസ് വടമുക്ക് |
| വിലാസം | - | പി.ഒ. മാറഞ്ചേരി , പിൻ- 679581<br>മലപ്പുറം |
| സ്കൂൾ കോഡ് | - | 19532 |
| വിദ്യാഭ്യാസ ജില്ല | - | തിരൂർ |
| വിദ്യാഭ്യാസ ഉപജില്ല | - | പൊന്നാനി |
| റവന്യൂ ജില്ല | - | മലപ്പുറം |
| ബി.ആർ.സി | - | പൊന്നാനി |
| സി.ആർ.സി | - | പുറങ്ങ് |
| പഞ്ചായത്ത് | - | മാറഞ്ചേരി |

## 1. ആമുഖം

മാറഞ്ചേരി പഞ്ചായത്തിലെ വടമുക്ക് എന്ന ഗ്രാമത്തിലാണ് വിദ്യാലയം. പെരുമ്പടപ്പ് സ്വരൂപത്തിലെ ആഴഞ്ചേരി തമ്പ്രാക്കന്മാരുടെ പടയാളികൾ തമ്പടിച്ചിരുന്ന സ്ഥലമായിരുന്നു പടമുക്ക് . പിന്നീട് വടമുക്ക് എന്ന പേരിൽ അറിയാൻ തുടങ്ങി. വിദ്യാലയത്തിൽ ഇപ്പോൾ ( 1 മുതൽ 4 വരെ) ക്ലാസുകളിൽ 141 വിദ്യാർത്ഥികളും 7 അദ്ധ്യാപകരും, പ്രീ - പ്രൈമറി സ്കൂളിൽ 65 കുട്ടികളും 2 അദ്ധ്യാപകരും ഉണ്ട്. വിദ്യാലയ വികസന കമ്മിറ്റിയുടെ പിന്തുണയും ഉണ്ട്.

## 3. വിദ്യാലയത്തിന്റെ ചരിത്രം

1930 ന് മുമ്പ് ഓത്ത്പള്ളിയായി പ്രവർത്തിച്ചിരുന്ന സ്ഥാപനമായിരുന്നു. 1930 ൽ ലോവർ പ്രൈമറി വിദ്യാലയമായി മാറി. തുടക്കത്തിൽ 5 ഡിവിഷനുകൾ പിന്നീട് 7 ഡിവിഷനുകളായി മാറി. കുട്ടികളുടെ കുറവു മൂലം പിന്നീട് 4 ഡിവിഷനുകളായി മാറിയ സാഹചര്യത്തിൽ 2011 ൽ പ്രീപ്രൈമറി ക്ലാസുകൾ തുടങ്ങി. ക്രമേണ നാട്ടുകാരും , പൂർവ്വ വിദ്യാർത്ഥികളും വിവിധ പ്രവാസി കൂട്ടായ്മയും , മാനേജരും, പി.ടി.എ.യും ചേർന്ന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ഒരു പുതിയ കെട്ടിടം പണിയുകയും ചെയ്തു. കെട്ടിടത്തിന്റെ പണി തീർന്നുകൊണ്ടിരിക്കുന്നു. നടപ്പു വർഷത്തിൽ വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ബെസ്റ്റ് പി.ടി.എ അവാർഡ് ലഭിച്ചിട്ടുണ്ട്.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. പാഠ- പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ .
3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കൽ
4. മികവാർന്ന ശേഷിയും, ധാരണകളും, ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കുക.

## 5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്. ആർ. ജി യോഗത്തിൽ വടമുക്ക് സ്കൂൾ വിഷൻ 2028 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ - ചർച്ച
2. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, ഒ. എസ്.എ, എസ്. ഡി.സി എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## ൬. നിലവിലെ അവസ്ഥ വിശകലനം

### ഭൗതികം-നേട്ടങ്ങൾ

- വിദ്യാലയ വികസന കമ്മറ്റിയുടെ നേതൃത്വ ത്തിൽ പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ , വിവിധ ക്ലബ്ബുകൾ, പ്രവാസി കൂട്ടായ്മ , പി ടി എ, മാനേജർ എന്നിവരുടെ സഹായത്താൽ 5 ക്ലാസ് മുറികളുള്ള കെട്ടിടം പണി കഴിഞ്ഞു. പുതിയ കെട്ടിടത്തിനുമുകളിൽ രണ്ട് ക്ലാസ് റൂമുകൾ പണിതു

### പരിമിതികൾ

ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള കെട്ടിടമില്ല. ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ ഇല്ല.ചുറ്റുമതിൽ പൂർണമല്ല. കവാടമില്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം പുനർനിർമിക്കേണ്ടതുണ്ട്.

### അക്കാദമികം- നേട്ടങ്ങൾ

എല്ലക്ലാസ്സുകളിലും ജൂൺ ആരംഭത്തിൽ തന്നെ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് അര മണിക്കൂർ അധിക സമയം കണ്ടെത്തി ക്ലാസുകൾ എടുത്ത് എല്ലാവരെയും മുൻപന്തിയിൽ എത്തിക്കുന്നു. 2020-2021 ലും, 2021-2022 ലും LSS ലഭിച്ചു. 2022-2023 സബ്ജില്ലാതലത്തിൽ

## പരിമിതികൾ

LSS കൂടുതൽ കുട്ടികൾ നേടേണ്ടതുണ്ട്

ലൈബ്രറി വിപുലീകരണം സാധ്യമാക്കണം

## 7. മികവിനായി ഏറ്റെടുക്കേണ്ടവ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കവാടം | വിദ്യാലയ വികസന സമിതി, |
| ഇംഗ്ലീഷ് പഠന പരിപോഷണം | കളിസ്ഥലം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| ശാസ്ത്രപോഷണ പരിപാടി | ചിൽഡ്രൻസ് പാർക്ക് | യുടെ പ്രവർത്തനം |
| വായനാ പരിപോഷണം | കമ്പ്യൂട്ടർ റൂം | സപ്പോർട്ടിംഗ് ഗ്രൂപ്പ് |
| ലൈബ്രറി ശാക്തീകരണം | ലൈബ്രറി | എൽ. എസ്. ജി.- ബന്ധം |
| ലബോറട്ടറി | അടുക്കള | ഗ്രന്ഥശാലകൾ, ക്ലാസുകൾ |
| പ്രതിഭാ പോഷണ പരിപാടി | ഡൈനിംഗ് ഹാൾ | വിദ്യാഭ്യാസ പ്രവർത്തനങ്ങൾ |
| ജൈവ വൈവിധ്യ പാർക്ക് | ടോയ്‌ലറ്റ് | പൂർവ്വാധ്യാപകർ എന്നിവ |
| സാഹിത്യ പോഷണ പരിപാടി | അസംബ്ലി ഹാൾ | രുടെ സേവനം |
| പഠനയാത്രകൾ | മാലിന്യ സംസ്കരണം | സി.പി.ടി.എ മാതൃകാപരമായി |
| കലാ- കായികമേള | പച്ചക്കറിത്തോട്ടം | നടത്തുന്നു |
| ഐ.ടി പരിശീലനം | | ഭവന സന്ദർശനം |
| അദ്ധ്യാപക ശാക്തീകരണം | | |
| ക്ലാസ് - പി.ടി.എ സജീവം | | |
| സ്കൂൾ പത്രം/ മാസിക | | |
| പ്രവൃത്തി പരിചയ പഠനം | | |
| ഒന്നാം ക്ലാസ്സ് ഒന്നാംതരം | | |
| എസ്.ആർ.ജി ശാക്തീകരണം | | |
| പച്ചക്കറിത്തോട്ടം | | |
| ടേം മൂല്യനിർണ്ണയം - വിലയി | | |
| രുത്തുന്നു. | | |
| കായിക പഠനം | | |
| ദിനാചരണങ്ങൾ | | |
| മെഡിക്കൽ ക്യാമ്പ്. | | |

## 9. പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദയപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
* മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## 10. മോണിട്ടറിംങ്ങ്

* ദൈനംദിന മോണിട്ടറിംഗ് എച്ച്.എം
* ഉദ്യോഗതലത്തിലുള്ള മോണിട്ടറിംഗ്
* സോഷ്യൽ മോണിട്ടറിംഗ്

## 11. ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തിനെ സ്വകാര്യവൽകരണം ഇപ്പോൾ തന്നെ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധിതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാകുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീഭിക്കുന്നു.

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| അടിസ്ഥാന ഭാഷ ശേഷി നേടൽ | * പ്രീടെസ്റ്റ് - ആവശ്യമായ തന്ത്രങ്ങളുടെ രൂപീകരണം- ആസൂത്രണം | 2022 മെയ് | | 500 | പി.ടി.എ |
| | * പ്രീടെസ്റ്റ് മൂല്യനിർണയം പരിഹാരബോധനം - വർക്ക്ഷീറ്റ് നൽകൽ വായനാകാർഡ് വായിപ്പിക്കൽ | ജൂൺ | | 250 | |
| മികച്ച പഠനാനുഭവങ്ങൾ നൽകൽ | * സൂചകങ്ങളിൽ നിന്ന് കഥാനിർമാണം, ചിത്രമെഴുത്ത് , വിവരണം | ജൂൺ to മാർച്ച് | മലയാളം അധ്യാപിക | | |
| എല്ലാവരും എഴുത്തിലും വായനയിലും വൈദഗ്ധ്യം നേടൽ | * ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>*റജിസ്റ്റർ തയ്യാറാക്കൽ | ജൂൺ | അധ്യാപിക | 1000 | പി.ടി.എ |
| | *ക്ലാസ്നിഘണ്ടു നിർമ്മാണം | ജൂൺ to മാർച്ച് | അധ്യാപിക | | |
| | * ദിനാചരണങ്ങൾ | ജൂൺ to മാർച്ച് | അധ്യാപിക | | |
| | *ക്ലാസ്പത്രം, പതിപ്പുകൾ | ജൂൺ to മാർച്ച് | അധ്യാപിക | | |
| | *വായനാമത്സരം വേഗത്തിലും തെറ്റുകൂടാതെയും വായിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | ജൂൺ to മാർച്ച് | അധ്യാപിക | | |
| | *ക്ലാസ് ബാലസഭ | ആഴ്ചയിൽ 1 | | | |
| | * സ്കൂൾ ബാലസഭ | മാസത്തിൽ 1 | | | |
| | * രക്ഷിതാക്കളുടെ വിലയിരുത്തൽ | മാസാമാസം | ടീച്ചർ രക്ഷിതാക്കൾ | | പി.ടി.എ |
| | * Lss ചോദ്യങ്ങൾ പാഠഭാഗത്തു നിർമ്മാണം | ജൂൺ to ഫെബ്രുവരി | | | |
| | * സാഹിത്യകാരൻമാരെ പരിചയപ്പെടുന്നു<br>* ICTസാധ്യത ഉപയോഗപ്പെടുത്തൽ | ജൂൺ to മർച്ച് | | | |
| | * അസംബ്ലിയിൽ കഥ വായിക്കൽ<br>* | ജൂൺ to മാർച്ച് | | | |

## ഉപമേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ലെവൽ അസസ്മെന്റ് | * പ്രീടെസ്റ്റ് - ആവശ്യമായ ആസൂത്രണം | മെയ് | ടീച്ചർ | 500 | പി.ടി.എ |
| | ഫോണിക്സ് പരിചയപ്പെടുത്തൽ<br>പരിഹാരബോധനം<br>വർക്ക്ഷീറ്റ് നൽകൽ<br>പരിശീലനം<br>ചിത്രവായന | ജൂൺ | ടീച്ചർ | | |
| ഇംഗ്ലീഷ് പഠനാനുഭവങ്ങൾ ഒരുക്കൽ | * ചിത്രമെഴുത്ത്<br>ഇംഗ്ലീഷ് കോർണർ,<br>റജിസ്റ്റർ ,<br>വർക്ക്ഷീറ്റ് , | ജൂൺ to മാർച്ച് | ടീച്ചർ | | |
| | വായന കാർഡുകൾ | Once in week | ടീച്ചർ | | |
| | * ഇംഗ്ലീഷ് അസംബ്ലി | Once in week | | | |
| | * ഇംഗ്ലീഷ് ഡേ | ജൂലൈto മാർച്ച് | | | |
| | *ഇംഗ്ലീഷ് നിഘണ്ടു | | | 500 | |
| | * My English booK<br>* English walk | Once in month | | | |
| | * LSS connected Activity<br>* English Reading Competition<br>* wall magazine | Quarterly | | | പി.ടി.എ |
| ഇംഗ്ലീഷ് എഴുതുവാനും സ്വതന്ത്രമായി വിനിമയം ചെയ്യുവാനും ശേഷിയുണ്ടാക്കൽ | *വിവിധ റൈമുകൾ,<br>stories കേൾപ്പിക്കൽ<br>ICTസാധ്യത | term- ൽ ഒന്ന് | ടീച്ചർ | | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | ജൂലൈto മാർച്ച് | പിടിഎ | 1000 | |
| | ഇംഗ്ലീഷ് ഡയറി<br>രക്ഷിതാക്കളുടെ വിലയിരുത്തൽ | | | | പി.ടി.എ |

## അറബിക്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തു |
|---|---|---|---|---|---|---|
| | | അഞ്ച് മിനിട്ട് ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക വായന മത്സരം | എല്ലാ ദിവസവും | അധ്യാപിക | | |
| | പ്രവർത്തനം<br>പേര്<br>ഉപമേഖല<br>അറബിപദ സമ്പത്ത് | * അറബി ഭാഷാപഠന<br>* ഓരോ ദിവസം ഒരു പദം വീതം പരിചയപ്പെടൽ അധ്യാപകന്റെ മേൽനോട്ടത്തിലൊരിക്കൽ ഡിറ്റേഷൻ | 1 വർഷം | അറബിക് അധ്യാപിക | | |
| | പ്രവർത്തനം<br>പേര്<br>ഉപമേഖല | * അറബി അസംബ്ലി<br>* ഭാഷാപഠനം | | | | |
| | എല്ലാ കുട്ടികൾക്കും അറബി എഴുതാനും, വായിക്കാനും, സംസാരിക്കാനുമുള്ള വികസിപ്പിക്കുക. | * ആഴ്ച്ചയിൽ ഒരു അറബിക് അസംബ്ലി പദപരിചയം സ്വന്തം പരിചയപ്പെടുത്തൽ റീഡിംഗ് കാർഡ് വായന | വർഷത്തിൽ ഒന്ന് | അധ്യാപിക | | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| പ്രവർത്തനം<br>പേര്<br>ഉപമേഖല<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * മഹർജാനുൽ കിതാബ<br>* അറബി ഭാഷാപഠനം<br>* ഓരോ കുട്ടിക്കും കോപ്പി നൽകി പരിശീലനം വർഷത്തിൽ ഒരു അറബി കയ്യെഴുത്തു മാസിക. | 1 വർഷം | അധ്യാപിക | | |
| പ്രവർത്തനം<br>പേര്<br>ഉപമേഖല<br>അറബിഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനും പ്രത്യേക പരിപാട് | * ഹായ് അറബിക്<br>*അറബി ഭാഷാപഠനം<br>* എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ വരച്ച് നിറം നൽകി മനസ്സിലാക്കുന്നു. ഭാഷാകളികളിലൂടെ പിന്നോക്കം നിൽക്കുന്നവർക്ക് നിശ്ചിത സമയത്ത് ഹായ് അറബിക് ക്ലാസ് നൽകുന്നു. | 1 വർഷം<br>വർഷത്തിൽ ഒന്ന് | അറബിക് അധ്യാപിക<br>അധ്യാപിക<br>അധ്യാപിക<br>അധ്യാപിക | 500 | PTA |
| പ്രവർത്തനം<br>പേര്<br>ഉപമേഖല<br>നല്ലവായനക്കാരനാക്കുക | *വായനാലോകം<br>*അറബി ഭാഷാപഠനം<br>തെരഞ്ഞെടുത്ത ലളിതമായ അറബി പുസ്തകശേഖരം, ചിത്രകഥ, കഥപുസ്തകം, കുട്ടികവിതകൾ, ചെറിയ വിവരണ ബുക്കുകൾ, അറബിക് ക്വിസ് ഓരോ അറബിക് പിരീഡിലും ആദ്യം | വർഷത്തിൽ ഒന്ന് | ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ | 1000 | PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| ഗണിതശേഷികൾ വികസിപ്പിക്കൽ | * പ്രീടെസ്റ്റ് - ടൂൾസ് വികസനം ഗണിതലാബ് സെറ്റ് ചെയ്യൽ | ജൂൺ | ക്ലാസ് ടീച്ചർ | 1500 | PTA |
| പ്രായോഗിക പ്രശ്ന പരിഹാര ശേഷി നേടൽ | * പ്രീടെസ്റ്റ് മൂല്യനിർണയം | ജൂൺ ആദ്യ ആഴ്ച | ടീച്ചർ | | |
| | * പോസ്റ്റ് ടെസ്റ്റ് | ജൂൺ അവസാനം | ടീച്ചർ | | |
| | * ഫലം വിലയിരുത്തൽ CPTA വർക്ക്ഷീറ്റ് രൂപീകരണം സംഘടിപ്പിക്കൽ | ജൂലൈ അതാത് പാഠം തുടങ്ങുന്നതിനുമുമ്പ് | ടീച്ചർ | 500 | |
| | *പാഠഭാഗങ്ങളിലെ ആശയം പ്രദർശിപ്പിക്കൽ | ജൂൺ | | | |
| ഗണിതാശയം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുക. | * വിദ്യാലയത്തിലൊരു ചെറുകട | ആഗസ്റ്റ് | PTA | 1000 | PTA |
| | * നിരന്തരമൂല്യനിർണ്ണയ രേഖകൾ നിർമ്മാണം. | ജൂലൈ | | | |
| | * ഗണിതമൂല ഒരുക്കൽ | ജൂലൈ | | | |
| | *ക്ലാസ് ടെസ്റ്റുകൾ CPTA | ഓരോ മാസവും | | | |
| പ്രായോഗിക പ്രശ്ന പരിഹാര ശേഷി നേടൽ | *Lss ചോദ്യങ്ങൾ നിർമ്മാണം പാഠഭാഗവുമായി ബന്ധപ്പെട്ടത്. | ജൂലൈ ആദ്യ വാരം | ടീച്ചർ | | PTA |
| | *ഗണിത ക്ലബ്ബ് രൂപീകരണം പാഠഭാഗവുമായി ബന്ധപ്പെടുത്തി പ്രവർത്തനം | ജൂലൈ to ഒക്ടോബർ | ടീച്ചർ | | |
| | * ഗണിതമാഗസീനിലേക്കുള്ള സൃഷ്ടികൾ ശേഖരിക്കൽ | ആഗസ്റ്റ് | ടീച്ചർ രക്ഷിതാക്കൾ | 250 | |
| | * ഗണിതരൂപനിർമ്മാണ ശില്പശാല | | PTA | 2000 | ക്ലബ്ബുകൾ |
| പ്രായോഗിക പ്രശ്ന പരിഹാര ശേഷി നേടൽ | * മെട്രിക് മേള സംഘടിപ്പിക്കൽ | ജനുവരി | PTA | 2000 | |
| | * കലണ്ടർ നിർമ്മാണം | ജനുവരി | | | |
| | * ഗണിതപ്രൊജക്ടുകൾ | പാഠഭാഗവുമായി ബന്ധപ്പെട്ട് | ടീച്ചർ | 500 | |

## പരിസരപഠനം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| | ശാസ്ത്ര വിഷയങ്ങളിലും പരീക്ഷണങ്ങളിലും അവഗാഹം നേടൽ | * ശാസ്ത്രലാബ് സജ്ജീകരണം | ജൂൺ | ക്ലാസ് ടീച്ചർ | 2000 | PTA |
| | | * ശാസ്ത്രക്ലബ് രൂപീകരണം | | | | |
| | | * പരീക്ഷണങ്ങൾ | | | | |
| | | * പാഠഭാഗ ആശയങ്ങൾ പ്രദർശിപ്പിക്കൽ | ജൂലൈ | ടീച്ചർ | 500 | പി.ടി.എ |
| | പഠനപുരോഗതി പരിശോധിക്കൽ കൃഷി പ്രോത്സാഹനവും, കൃഷിയിൽ താൽപര്യം വർദ്ധിപ്പിക്കലും | * കാർഷിക ക്ലബ്ബ് രൂപീകരണം -കൃഷി | | | | |
| | | *ക്ലാസ് ടെസ്റ്റ് | എല്ലാ മാസവും | ടീച്ചർ | | |
| | തെരഞ്ഞെടുപ്പ് രീതി പരിചയപ്പെടുത്തൽ | * സ്കൂൾ തെരഞ്ഞെടുപ്പ് | ആഗസ്റ്റ് | HM | 250 | |
| | | * LSS മായി ബന്ധപ്പെട്ട ചോദ്യ നിർമ്മാണം | ജൂലൈ | | | |
| | | *കുട്ടികളെ കണ്ടെത്തൽ | സപ്തംബർ | | | |
| | | * പരീക്ഷ | | | | |
| | | *അസംബ്ലിയിൽ ലക്ഷു പരീക്ഷണം | | | | |
| | | *ബോർഡിൽ പ്രദർശനം , പൊതുവിജ്ഞാനം | | | | |
| | | *സ്കൂൾതല ശാസ്ത്രമേള | ഒക്ടോബർ | PTA | 3000 | ക്ലബ്ബുകൾ |
| | | * മാസ് ക്വിസ് | | | | |
| | | * ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട് | | | |
| | | * കൃഷി | | ഹരിത ക്ലബ്ബ് | 250 | PTA |
| | പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിചയപ്പെടുത്തൽ. | * പ്രാദേശിക ചരിത്ര അന്വേഷണം - രേഖപ്പെടുത്തൽ | ജനുവരി | PTA | | |
| | | *പൊതുസ്ഥലങ്ങൾ സന്ദർശനം | | | | |
| | | * ശാസ്ത്ര ശില്പശാല | ഒക്ടോബർ | | | |
| | | * ആൽബ നിർമ്മാണം മഹാന്മാർ | ഡിസംബർ | ടീച്ചർ | 250 | |
| | | *പഠനയാത്ര, മേപ്പ് | ഫെബ്രുവരി | PTA | | PTA |

| വർഷം | നേഴ്സറി | 1 | 2 | 3 | 4 | TOTAL |
|---|---|---|---|---|---|---|
| 19 - 20 | 45 | 34 | 24 | 33 | 25 | 116 |
| 20 -21 | 50 | 32 | 33 | 23 | 33 | 121 |
| 21 -22 | 55 | 43 | 32 | 34 | 23 | 132 |
| 22 - 23 | 65 | 32 | 42 | 33 | 34 | 141 |
| 23 - 24 | 65 | 32 | 32 | 44 | 33 | 141 |
| 24 - 25 | 65 | 27 | 27 | 31 | 41 | 126 |
| 25 - 26 | 37 | 37 | 24 | 27 | 32 | 119 |